പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5917 — 25.05.2017 ൽ മറുപടിക്ക്

**കാടാമ്പുഴ ശ്രീ ഭഗവതി ക്ഷേത്രം ശബരിമല ഇടത്താവളമാക്കുന്നതിനുള്ള നടപടി**

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ കാടാമ്പുഴ ശ്രീ ഭഗവതി ക്ഷേത്രം ശബരിമല ഇടത്താവളം ആക്കുന്നത് സംബന്ധിച്ച് ക്ഷേത്രം അധികാരികൾ ദേവസ്വംവകുപ്പിന് നൽകിയ പ്രൊപ്പോസൽ പരിശോധിച്ചിട്ടുണ്ടോ;<br>(ബി) ആയിരക്കണക്കിന് തീർത്ഥാടകരുടെ ഇടത്താവളമായി മാറിക്കൊണ്ടിരിക്കുന്ന കാടാമ്പുഴ ശ്രീ ഭഗവതി ക്ഷേത്രത്തിലെ ഭൗതീക സാഹചര്യം മെച്ചപ്പെടുത്തുവാൻ വേണ്ടിയുള്ള പദ്ധതികൾ പരിശോധിച്ച് നടപടി സ്വീകരിക്കുമോ; | (എ) യും(ബി) യും<br>ശബരിമല തീർത്ഥാടനത്തിനായി സംസ്ഥാനത്തിനകത്ത് നിന്നും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വരുന്ന ഭക്തജനങ്ങൾക്ക് ഇടത്താവളങ്ങളായി ക്ഷേത്രങ്ങൾ കേന്ദ്രീകരിച്ച് ശുചിമുറികൾ, ആഹാരം, താമസം, വിശ്രമം, വാഹന പാർക്കിംഗ് തുടങ്ങിയ സൗകര്യങ്ങൾ ഉൾപ്പെടുത്തി വിശ്രമകേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ശ്രീ കാടാമ്പുഴ ദേവസ്വത്തേയും തെരെഞ്ഞെടുത്തിട്ടുണ്ട്. |
| (സി) തീർത്ഥാടന ടൂറിസം വികസനവുമായി ബന്ധപ്പെട്ട പദ്ധതികളിൽ ഉൾപ്പെടുത്തി ഇവിടെ അടിസ്ഥാന സൗകര്യ വികസനത്തിന് ഫണ്ട് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ;<br>(ഡി) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന് ഇത് സംബന്ധിച്ച പ്രൊജക്ട് തയ്യാറാക്കുവാൻ ആവശ്യമായ നിർദ്ദേശം നൽകുവാൻ നടപടി സ്വീകരിക്കുമോ; കാടാമ്പുഴയുടെ ടൂറിസം വികസനത്തിനായി എടുത്ത നടപടികൾ വ്യക്തമാക്കുമോ? | (സി) & (ഡി)<br>നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ